Malayala Manorama
17 August 2018
Kerala Flood, Death Toll

ജീവനെടുത്ത് പ്രളയം

■ തൃശൂർ ജില്ലയിൽ 21 പേർക്കും എറണാകുളം ജില്ലയിൽ രണ്ടുപേർക്കും ജീവൻ നഷ്ടമായി

മനോരമ ലേഖകർ

പ്രളയം കലിതുള്ളിയ രണ്ടു ദിവസത്തിനിടെ സംസ്ഥാനത്തു ജീവൻ നഷ്ടമായതു നൂറിലേറെപ്പേർക്ക്. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുമാണ് ഏറ്റവുമധികം ജീവൻ പൊലിഞ്ഞത്. പലയിടത്തും കാണാതായവർക്കായി തിരച്ചിൽ തുടരുകയാണ്. വെള്ളക്കെട്ടിൽ വീണും ഷോക്കേറ്റും മരിച്ചവരുമേറെ. ഇടുക്കി, മലപ്പുറം, തൃശൂർ ജില്ലകളിലാണു മരണസംഖ്യകൂടുതൽ.

ഇടുക്കി (24 മരണം)

മൂന്നാറിൽ മണ്ണിടിച്ചിലിൽ മരിച്ചവർ: നല്ലതണ്ണി റോഡിൽ ടാറ്റാ കമ്പനിയുടെ ക്വാർട്ടേഴ്സിലെ താമസക്കാരനും ടാറ്റാ ഹൈറേഞ്ച് ആശുപത്രി ജീവനക്കാരനുമായ സതീഷ് (45), ഭാര്യ വെങ്കിടലക്ഷ്മി (36), മകൾ റോഷിത (ആറ്), മകൻ വിശ്വ (അഞ്ച്), ദേവികുളം സെക്രഡ് ഹാർട്ട് ആശ്രമത്തിലെ ബ്രദർ ആന്റണി അടിമൈ (50), ദേവികുളം സുമംഗല ഭവനിൽ ബാലന്റെ മകൻ ഉണ്ണി (16), ശരവണ ഭവൻ ഹോട്ടലിലെ ജീവനക്കാരനായ തമിഴ്നാട് സ്വദേശി മദൻ (30).

ചെറുതോണിയിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മരിച്ചവർ: പെരുമ്പാല കല്ലാർകുടിയിൽ ജയരാജന്റെ ഭാര്യ ഭാവന (31), മകൾ ശ്രുതി (10), ഗാന്ധിനഗർ കോളനിയിൽ വനരാജ് (65), ഭാര്യ കമലം (60), ശാന്തിനിലയം കലാവുട്ടീൻ, വാറപ്പാക്കൽ പൊന്നമ്മ, കരിമ്പൻ വട്ടപ്പാറയിൽ വി.എ.ജോർജ് (70), ഭാര്യ അന്നക്കുട്ടി (65), മകൾ കുഞ്ഞുമോൾ (41). കുഞ്ഞിത്തണ്ണി എല്ലക്കല്ലിൽ ഉരുൾപൊട്ടലിൽ മരിച്ചവർ: ആടിയാനാൽ ത്രേസ്യാമ്മ (80).

നെടുങ്കണ്ടം പച്ചടി പത്തുവള്ളവിനു സമീപം ഉരുൾപൊട്ടി വീടു തകർന്നു മരിച്ചവർ: താറാവിള യിൽ ജയന്റെ പിതാവ് പീറ്റർ തോമസ് (72), ഭാര്യ റോസമ്മ (70), ജയന്റെ ഭാര്യ ജോളി (43). വെള്ളത്തൂവലിനു സമീപം എസ് വളവിൽ ഉരുൾപൊട്ടലിൽ മരിച്ചവർ: തുറവയ്ക്കൽ തങ്കച്ചൻ (മത്തച്ചൻ -58), ഭാര്യ ലൈസ (56).

മരവീണു മരിച്ചു: കുഴിത്തൊളു ആപ്പാപ്പിക്കട പാലം പറമ്പിൽ ബിജുവിന്റെ ഭാര്യ ലത. കീരിത്തോട് വീടിനു മുകളിലേക്കു മണ്ണിടിഞ്ഞുവീണു മരിച്ചു: കണിയാംകുടിയിൽ ശശിയുടെ ഭാര്യ സരോജിനി (55).

മലപ്പുറം (24 മരണം)

ഐക്കരപ്പടി പുച്ചാലിൽ മണ്ണിടിഞ്ഞുവീണ് മരിച്ചത്: കണ്ണനാടി അസീസ് (48), ഭാര്യ സുനീറ (42), മകൻ ഉബൈദ് (ആറ്). പെരിങ്ങാവ് കൊടപ്പാറ ഭാഗത്ത് മണ്ണിടിച്ചിലിൽ മരിച്ചവർ: പാണ്ടികശാല വീട്ടിൽ ബഷീർ (47), ബഷീറിന്റെ ഭാര്യ സാബിറ (43), മക്കളായ ഫാത്തിമ ഫായിസ (19), മുഹ്സിബ (11), ബഷീറിന്റെ സഹോദരൻ അബ്ദുൽ അസീസിന്റെ ഭാര്യ ഖൈറുന്നിസ (35), അയൽവാസി കളായ മാന്ത്രമ്മൽ മുഹമ്മദലി (44), മകൻ സഹ്വാൻ (26), ചെറാതൊടി ഇല്ലിപ്ര മുസ (50), പി.ടി.ജഹഫീലിന്റെ മകൻ ഇർഫാൻ അലി (16).

ഓടക്കയം നെല്ലിയായി കോളനിയിൽ ഉരുൾപൊട്ടി മരിച്ചവർ: നെല്ലിയായി പരേതനായ കരിഞ്ഞിയുടെ ഭാര്യ പിങ്കു (70), പിങ്കുവയുടെ മകൻ ഉണ്ണിക്കൃഷ്ണൻ (28), ഭാര്യ അമ്പിളി (20), അമ്പിളിയുടെ സഹോദരി ഷിബില (12), നെല്ലിയായി കോളനിയിലെ സുന്ദരൻ (49), ഭാര്യ സരോജിനി (42), മാത (60).

എടവണ്ണയിൽ ഉരുൾപൊട്ടലിൽ മരിച്ചു: കൊളപ്പുറ ബ്രാഞ്ചൊടി വീമ്പുകുഴിയിൽ രാജേഷിന്റെ ഭാര്യ നിഷ (27). തിരുരങ്ങാടിയിൽ ഷോക്കേറ്റു മരിച്ചു: കാളത്തിരുത്തി മേലാത്ത് അസ്കർ (35), തിരൂർക്കാട് ജുമാ മസ്ജിദിന്റെ മിനാരം തകർന്നുവീണു മരിച്ചു: കൊൽക്കത്ത സ്വദേശി പ്രദീപ് ബിശ്വാസ് (21). നിലമ്പൂരിൽ വെള്ള ഇറങ്ങിയതിനുശേഷം വീടു വൃത്തിയാക്കുന്നതിനിടെ ഷോക്കേറ്റു മരിച്ചു: എരുമുണ്ട ചെമ്പകൊല്ലി മാടമ്പത്ത് ഇബ്രാഹിം (44). തിരൂരിൽ വീട്ടിൽ വെള്ളം കയറിയതുകണ്ടു കുഴഞ്ഞുവീണു മരിച്ചു: പെരുന്തല്ലൂർ ചാണ്ടിയിൽ കാർത്തു (58).

തൃശൂർ (21)

വടക്കാഞ്ചേരി കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ വീടു കൾ തകർന്നു മരിച്ചവർ: കല്ലംകുന്നേൽ മത്തായി (61), ഭാര്യ റോസ (ബേബി-58), മകൾ സൗമ്യ (35), സൗമ്യയുടെ മകൾ മെറിൻ (10), മെൽന (ഏഴ്), കുന്നുകുഴിയിൽ മോഹനന്റെയും ആശാദേവിയുടെയും മക്കളായ അഖിൽ (24), അമൽ (22), പാറക്കോട്ടിൽ റോസിലി (68), മകൻ സജിയുടെ മകൾ ഏയ്ഞ്ചൽ (12), കുറാഞ്ചേരിയിൽ തട്ടുകട നടത്തിയിരുന്ന മുണ്ടപ്ലാക്കൽ ജെൻസൺ (40), മകൾ യഹന്ത് (മൂന്ന്), ജെൻസന്റെ ഭാര്യാമാതാവ് സാലി (55).

പുലരിയിൽ ഉരുൾപൊട്ടി മണ്ണിടിഞ്ഞു വീടു തകർന്നു മരിച്ചവർ: മുർക്കനാട്ടിൽ അജി (28), ഷിജോ (31), ദേശമംഗലം പള്ളം കൊറ്റമ്പത്തൂർ കോളനിയിൽ ഉരുൾപൊട്ടി വീട് തകർന്നു മരിച്ചവർ: സഹോദരങ്ങളായ മുണ്ടനാട്ട് ഹരിനാരായണൻ (28), മുണ്ടനാട്ട് ശിവദാസൻ (25).

കുതിരാനിൽ ദേശീയപാതയിൽ മണ്ണിടിഞ്ഞ് വാഹനം അടിയിൽപ്പെട്ടു മരിച്ചു: തിരുവനന്തപുരം വെമ്പായം ആക്കുളം വീട്ടിൽ അജിത് കുമാർ (45), അതിരപ്പിള്ളിയിൽ ഉരുൾപൊട്ടലിൽ വീടു തകർന്നു മരിച്ചു: വെട്ടിക്കുഴി പണ്ടാരപ്പാറയിൽ രാമകൃഷ്ണന്റെ ഭാര്യ ലീല (62). പെരിങ്ങോട്ടുകരയിൽ മരം വൈദ്യുതി ലൈനിനു മുകളിൽ വീണു ഷോക്കേറ്റു മരിച്ചു: വടക്കൻ പുള്ള് പതിയത്ത് കുമാരന്റെ മകൻ ദാസൻ (50), കുറ്റൂർ റെയിൽവേ ഗേറ്റിനു സമീപം വീടിന്റെ മുകളിടിഞ്ഞു മരിച്ചു: പുതുകുളങ്ങര രാമദാസ് (70).

പുള്ള് പതിയാത്ത് ദാസൻ (50) റോഡിൽ വൈദ്യുത ലൈൻ പൊട്ടിവീണു ഷോക്കേറ്റു മരിച്ചു.

പാലക്കാട് (എട്ട്)

നെൻമാറ പോത്തുണ്ടി ആനാംകുട് ഉരുൾപൊട്ടലിൽ വീടുതകർന്നു മരിച്ചവർ: അളുവശ്ശേരി ചേരുകാട്ടിൽ ഗംഗാധരൻ (55), ഭാര്യ സുഭദ്ര (50), മക്കളായ ആതിര (24), ആര്യ (17), ആതിരയുടെ 15 ദിവസം പ്രായമായ ആൺകുഞ്ഞ്, അയൽവാസി പരേതനായ ഉണ്ണിക്കൃഷ്ണന്റെ മക്കളായ അഭിജിത് (25), അനിത (28). മണ്ണാർക്കാട് തിരുവിഴാംകുന്ന് കരടിയോട് ആദിവാസി കോളനിയിൽ വീടിനു മുകളിൽ മണ്ണിടിഞ്ഞുവീണു മരിച്ചു: ത്രമ്പി (56).

കോഴിക്കോട് (എട്ട്)

മാവൂർ ഉൗർക്കടവിൽ മണ്ണിടിഞ്ഞുവീണു മരിച്ചവർ: വാഴക്കാട് കായിൽ അബ്ദുൽ ഷുക്കൂറിന്റെ മകൾ ഫാത്തിമ ഇഷാന (ആറ്), ഓമശ്ശേരി ബസ്റ്റ് വെണ്ണക്കോട് എഞ്ഞിക്കോത്ത് ഷമ്മാസിന്റെ മകൾ മിൻഹ ഫാത്തിമ (രണ്ടര). കുടഞ്ഞി കുമ്പാറ കൽപിനിയിൽ ഉരുൾപൊട്ടലിൽ വീടുതകർന്നു മരിച്ചവർ: തയ്യിൽ ഞ്ഞൊടിയിൽ പ്രകാശൻ (44), മകൻ പ്രവീൺ (10). പെരുമ്പള്ളിയിൽ വെള്ളക്കെട്ടിൽ വീണു മരിച്ചു: കോണിക്കൽ മുണ്ടപാലം അമ്പിലോളി റസ്നാസ് അസ്ലം (21).

വടകരയിൽ വെള്ളക്കെട്ടിൽ വീണു മരിച്ചു: മുയിപ്പോത്ത് കുറുങ്ങോട്ട് സുകേഷ് (29). ബാലുശ്ശേരിക്കടുത്ത് ശിവപുരത്ത് തോടിൽവീണ് ഒഴുക്കിൽപ്പെട്ടു മരിച്ചു: ഈയാട് ചേലത്തൂർ മുഹമ്മദലിയുടെ മകൻ മുഹമ്മദ് യാസിൻ (ആറ്). കണ്ണാടിക്കലിൽ കെബിൾലൈനിൽനിന്നു വൈദ്യുതാഘാതമേറ്റു മരിച്ചു: വേങ്ങേരി അമ്പലക്കണ്ടി ബൈജുനാഥ് (43).

കോട്ടയം (ആറ്)

തീക്കോയി വെള്ളികുളത്തുണ്ടായ ഉരുൾപൊട്ടലിൽ മരിച്ചവർ: കോട്ടിരിക്കൽ (പള്ളിപ്പറമ്പിൽ) റോസമ്മ(മമ്മി - 85), മകൾ മോളി (49), മോളിയുടെ മകൾ അനുവിന്റെ മകളായ അൽഫോൻസ (11), ടിന്റു (ഏഴ്). വെള്ളക്കെട്ടിൽ വീണു മരിച്ചവർ: വൈക്കം പ്രയാർ അമ്പലത്തിൽ ശിവദാസൻ (60), കോതനല്ലൂർ കുഴുപറമ്പിൽ സജിയുടെ മകൾ ധാനി (രണ്ടര).

പത്തനംതിട്ട (അഞ്ച്)

വെള്ളപ്പൊക്കം കണ്ട് ഭയന്നുമരിച്ചു: റാന്നി ഇട്ടിപ്പാറ ചുഴികുന്നത്ത് ഗ്രേസി എബ്രഹാം. ചികിൽസ നൽകിയതിനെ തുടർന്നു മരിച്ചു: ഇട്ടിപ്പാറ പ്രഭാകരൻ സ്റ്റോഴ്സ് ഉടമ പ്രഭാകരൻ. ഒഴിപ്പിക്കുന്നതിനിടെ മരിച്ചു: കുറിയന്നൂർ മാതിരപള്ളി ജഷ്നു സമീപം പൂലേലിക്കടവിൽ അന്നമ്മ മത്തായി (78). മുണ്ടൻപാറയിൽ ഉരുൾപൊട്ടലിൽ മരിച്ചു: അർക്കവിലാസം സുരേന്ദൻപിള്ളയുടെ ഭാര്യ രാജമ്മ (58). ചിറ്റാറിൽ മണ്ണിടിച്ചിലിൽ മരിച്ചു: ചിറ്റാർ പുതുപ്പറമ്പിൽ അശോകൻ (55).

ആലപ്പുഴ (ആറ്)

മുഹമ്മ ബോട്ട് ജെട്ടിക്കു സമീപം കായലിൽ മുങ്ങിമരിച്ചു: മുഹമ്മ തോട്ടുങ്കൽ ഹരിഹരൻ (58), എട്ടാം പഞ്ചായത്തിൽ വീടിനു മുന്നിലെ തോട്ടിൽവീണു മരിച്ചു: പള്ളിച്ചിറയിൽ ലാൽ കുര്യാക്കോസ് (48). ഷോക്കേറ്റു മരിച്ചു: ഹരിപ്പാട് കരുവാറ്റ ജയവനത്തിൽ ജയകൃഷ്ണൻ (31), തുമ്പോളിയിൽ മരം വീണു മരിച്ചു: ആര്യാട് പഞ്ചായത്ത് പതിനഞ്ചാം വാർഡ് നിലംനികർത്തിൽ പീതാംബരൻ (തങ്കച്ചൻ -64). ചങ്ങാടത്തിൽ പോകവെ വെള്ളക്കെട്ടിൽ വീണു മരിച്ചു: തഴക്കര കുന്നം തെക്കെടത്ത് ചന്ദ്രന്റെയും അമ്മിണിയുടെയും മകൻ സി. അരുൺ (24). പാടശേഖരത്തിനു സമീപത്തെ തോട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി: അമ്പല പ്പുഴ കാക്കാഴം തിണ്ടൻകേരിച്ചിറ ടി.എസ്.ചന്ദ്രൻ (58).

എറണാകുളം (രണ്ട്)

മുവാറ്റുപുഴയിൽ വെള്ളത്തിൽ വീണുമരിച്ചു: കുന്നയ്ക്കാൽ കളപ്പുരയ്ക്കൽ സി.പി.ജോർജ് (63), ശാരീരികാസ്വാസ്ഥ്യമുണ്ടായി, യഥാസമയം ആശുപത്രിയിലെത്തിക്കാൻ കഴിയാതെ മരിച്ചു: രാമമംഗലം കരിപോത്തുകാട്ടിൽ മനേക്കുടിയിൽ ഇട്ടൻ കൊച്ചുകുറു (81).

കാണാതായവർ:

കോട്ടയം: ഒറ്റയ്ടി മുപ്പതേക്കർ ഭാഗത്ത് ഉരുൾപൊട്ടലിൽ കാണാതായി: മീനച്ചിൽ പഞ്ചായത്ത് ഓഫിസിലെ ടെക്നിക്കൽ അസിസ്റ്റന്റ് ചെമ്മലമറ്റം കണിയാംപടിക്കൽ ജോബി (30).

പാലക്കാട്: നെൻമാറ പോത്തുണ്ടി ആദ്യാട് അളുവശ്ശേരി ഉരുൾപൊട്ടലിൽ കാണാതായി: ഗംഗാധരന്റെ മകൻ അഖിൽ (24). മരിച്ച അനിതയുടെ മൂന്നര വയസ്സുള്ള മകൾ ആത്മിക. സമീപവാസി സുന്ദരന്റെ മകൻ സുജിൻ (23).

മണ്ണാർക്കാട് തിരുവിഴാംകുന്ന് കരടിയോട് ആദിവാസി കോളനിയിൽ വീടിനു മുകളിൽ മണ്ണിടിഞ്ഞു വീണു കാണാതായി: തന്പിയുടെ ഭാര്യ ചാത്തി (50), ചെറുമകൾ വാണി (6).

ആലപ്പുഴ: ചേർത്തല അർത്തുങ്കലിനു പടിഞ്ഞാറ് കടലിൽ മത്സ്യബന്ധന ബോട്ടു തകർന്ന് മൂന്നു പേരെ കാണാതായി.

പത്തനംതിട്ട: വയ്യാറ്റുപുഴ കുളങ്ങരവാലിൽ ഉരുൾപൊട്ടലിൽ കാണാതായി: മണ്ണിൽ രാജൻ (56), രമണി (49). ഗുരുനാഥമണ്ണ് ഭാഗത്ത് ഉരുൾപൊട്ടലിൽ കാണാതായി: പാട്ടാളത്തറയിൽ പത്മനാഭന്റെ മകൻ പ്രമോദ് (35).

മലപ്പുറം: തിരുരങ്ങാടി മുന്നിയൂർ മണലേത്ത് കടവിൽ തോണി മറിഞ്ഞ് വിദ്യാർഥിയെ കാണാതായി.